11. കൊല്ലം എസ്.എൻ.ഡി.പി. ആസ്ഥാന മന്ദിരത്തിന് മുൻവശം
12. പാരിപ്പള്ളിക്കടുത്ത് കല്ലുവാതുക്കൽ
13. അടൂരിനടുത്ത് പൂത്താംകര
14. കോന്നി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ പയ്യാനമൺ
15. ആറന്മുളയ്ക്കടുത്ത് വെള്ളന
16. ആലപ്പുഴ മുഹമ്മയ്ക്കടുത്ത് വളവനാട്
17. പട്ടണക്കാട് പുതിയകാവ് ജംഗ്ഷൻ
18. അരൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ എരമല്ലൂർ
19. ഹരിപ്പാടിനടുത്ത് കരുവാറ്റ
20. ചെങ്ങന്നൂർ ടൗൺ
21. മുഹമ്മ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ പാതിരാമണൽ
22. തൃശ്ശൂർ ജില്ലയിൽ ചെന്തിരിപ്പിന്നി
23. എറണാകുളം ജില്ലിയിൽ പനങ്ങാട് നെട്ടൂർ ജംഗ്ഷൻ

(സി&ഡി) 23 കേസുകൾ രജിസ്റ്റർ ചെയ്തു. 10 കേസുകളിലായി 29 പ്രതികൾ ഉണ്ട്. 13 കേസുകളിലെ പ്രതികളെ അറിവായിട്ടില്ല.

(ഇ) 27 പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട്.

(എഫ്) 9 കേസുകൾ ചാർജ്ജ് ചെയ്തു. 5 കേസുകൾ തെളിയേണ്ട പട്ടികയിൽ ഉൾപ്പെടുത്തി കോടതിക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(ജി) ഒമ്പതു കേസുകൾ അന്വേഷണാവസ്ഥയിലാണ്..

കുടുംബങ്ങൾ പാലായനം ചെയ്ത സംഭവങ്ങൾ

107 (108) <u>ശ്രീമതി രാധാരാഘവൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറക്കടവ്, താനക്കോട്ടൂർ, ചെക്യാട് തുടങ്ങിയ നാദാപുരം നിയോജകമണ്ഡലത്തിലെ മുസ്ലീം ആവാസ കേന്ദ്രങ്ങളിൽ 2001 ജനുവരിയിൽ സി.പി.ഐ.(എം.) അക്രമം നടത്തുകയുണ്ടായോ ; എങ്കിൽ ഇതിന്റെ ഫലമായി എത്ര കുടുംബങ്ങൾ പാലായനം ചെയ്യുവാനിടയായി ;

(ബി) ഈ സ്ഥലങ്ങളിൽ എത്ര ഭവനങ്ങൾ കൊള്ളയും കൊള്ളിവയ്പ്പിനും വിധേയമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) നാദാപുരത്ത് സി.പി.ഐ.(എം.), ലീഗ് പ്രവർത്തകർ തമ്മിൽ ചില സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിന്റെ ഫലമായി കുടുംബങ്ങൾ പാലായനം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly